എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

﴿أَفَمَن يَعْلَمُ أَنَّمَآ أُنزِلَ إِلَيْكَ مِن رَّبِّكَ ٱلْحَقُّ كَمَنْ هُوَ أَعْمَىٰٓ ۚ إِنَّمَا يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ﴿١٩﴾ ٱلَّذِينَ يُوفُونَ بِعَهْدِ ٱللَّهِ وَلَا يَنقُضُونَ ٱلْمِيثَٰقَ ﴿٢٠﴾ وَٱلَّذِينَ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوٓءَ ٱلْحِسَابِ ﴿٢١﴾

19 നിന്റെ നാഥങ്കൽനിന്ന് നിനക്ക് ലഭിച്ച ഈ വേദം സത്യമെന്നറിയുന്നവൻ ആ സത്യത്തിനു നേരെ അന്ധനായവനെപ്പോലെയാകുമോ? സദ്ബുദ്ധിയുള്ളവർ മാത്രമേ ഉൽബോധനം ഉൾക്കൊള്ളുകയുള്ളൂ.
20 അല്ലാഹുവിനോടുള്ള പ്രതിജ്ഞ പാലിക്കുന്നവരും ഉടമ്പടികൾ ലംഘിക്കാത്തവരുമാണവർ.
21 അല്ലാഹു ചേർക്കാൻ കൽപിച്ചതു ചേർക്കുന്നവരും വിധാതാവിനോട് ഭയഭക്തിയുള്ളവരും നിശിതമായ പാരത്രിക വിചാരണയെ പേടിക്കുന്നവരും.

أَفَمَن يَعْلَمُ= അറിയുന്നവൻ ആണോ(ആകുമോ) أَنَّمَآ أُنزِلَ إِلَيْكَ= തീർച്ചയായും നിനക്ക് ഇറക്കപ്പെട്ടത്(ലഭിച്ച വേദം)
مِن رَّبِّكَ= നിന്റെ നാഥങ്കൽ നിന്ന് ٱلْحَقُّ= സത്യം(ആണെന്ന്) كَمَنْ= യാതൊരുവനെപ്പോലെ هُوَ= അവൻ
أَعْمَىٰٓ= അന്ധൻ(ആയ) إِنَّمَا يَتَذَكَّرُ= ഓർക്കുന്നത്(ഉൽബുദ്ധനാവുകയുള്ളൂ) أُو۟لُوا۟ ٱلْأَلْبَٰبِ= അകക്കാമ്പ്(സദ്ബുദ്ധി) ഉള്ളവർ മാത്രമേ
ٱلَّذِينَ يُوفُونَ= പൂർത്തിയാക്കുന്നവർ, പാലിക്കുന്നവർ(ആണവർ) بِعَهْدِ ٱللَّهِ= അല്ലാഹുവി(നോടുള്ള)ന്റെ പ്രതിജ്ഞ
وَلَا يَنقُضُونَ= അഴിക്കുകയില്ല(ലംഘിക്കാത്തവരും) ٱلْمِيثَٰقَ= ഉടമ്പടികൾ, പ്രതിജ്ഞ, ബന്ധനം وَٱلَّذِينَ يَصِلُونَ= ചേർക്കുന്നവരും
مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ= ഏതൊന്നുകൊണ്ട് അല്ലാഹു ചേർക്കപ്പെടാൻ കൽപിച്ചുവോ അതിനെ(അല്ലാഹു ചേർക്കാൻ കൽപിച്ചതിനെ)
وَيَخْشَوْنَ رَبَّهُمْ= അവരുടെ വിധാതാവിനെ ഭയപ്പെടുന്ന(ഭയഭക്തിയുള്ള)വരും وَيَخَافُونَ= പേടിക്കുന്നവരും
سُوٓءَ ٱلْحِسَابِ= വിചാരണാദോഷം(നിശിതമായ) വിചാരണയെ

**19:** മുൻ സൂക്തങ്ങളിൽ പറഞ്ഞ ആശയം കുറെക്കൂടി വിശദീകരിക്കുകയാണ് ഇതു മുതൽ ഏതാനും സൂക്തങ്ങളിൽ. സാരമിതാണ്: അല്ലാഹു അവന്റെ ദൂതനിലൂടെ അവതരിപ്പിക്കുന്ന ഈ സത്യസന്ദേശം- ഖുർആൻ വിശ്വസിക്കുന്നവരും അതിനെ നിഷേധിക്കുന്നവരും ഒരിക്കലും ഒരുപോലെയാവില്ല. രണ്ടു കൂട്ടരുടെയും ജീവിതം തമ്മിൽ അന്ധന്റെയും കാഴ്ചയുള്ളവന്റെയും ജീവിതം തമ്മിലുള്ള വ്യത്യാസമുണ്ടായിരിക്കും. മാംസചക്ഷുസ്സിന്റെ കാഴ്ചയെക്കുറിച്ചല്ല; ആന്തരികമായ ഉൾക്കാഴ്ചയെക്കുറിച്ചാണിവിടെ പറയുന്നത്. ഈ ഉൾക്കാഴ്ച ബുദ്ധിയും വിവേകവുമുള്ളവർക്കു മാത്രമേ ലഭിക്കൂ.

നേരത്തെ വിശ്വാസിയെ കാഴ്ചയുള്ളവനോടുപമിച്ചപ്പോൾ ഇവിടെ അറിയുന്നവൻ -من يعلم- എന്നു വിശേഷിപ്പിച്ചിരിക്കുകയാണ്. ഈമാൻ(വിശ്വാസം) ജ്ഞാനം തന്നെയാണെന്ന് വ്യക്തമാക്കിയിരിക്കുകയാണിതുവഴി. യുക്തിക്കും ബുദ്ധിക്കും വിരുദ്ധ

മായതോ അവക്ക് സ്ഥാനമില്ലാത്തതോ ആയ ധാരണയാണ് വിശ്വാസം എന്ന നിലപാടിനെ ഇതു ഖണ്ഡിക്കുന്നു. യഥാർഥ ജ്ഞാനമാണ് വിശ്വാസം. യാഥാർഥ്യമില്ലാത്ത വിശ്വാസം അന്ധവിശ്വാസമാണ്. അന്ധവിശ്വാസവും സത്യനിഷേധവും(കുഫ്റ്) ഒന്നാണ്. ഈ ആശയത്തിന്റെ സ്ഥിരീകരണമാണ് إِنَّمَا يَتَذَكَّرُ أُوْلُوا۟ ٱلْأَلْبَٰبِ എന്ന വാക്യം. അകക്കാമ്പുള്ളവർ എന്നാണ് أُوْلُوا۟ ٱلْأَلْبَٰبِ ന്റെ ഭാഷാർഥം. സദ്ബുദ്ധിയുള്ളവർ, ബുദ്ധിയും വിവേകവുമുള്ളവർ, ഉൾക്കാഴ്ചയുള്ളവർ എന്നൊക്കെയാണ് പ്രയോഗാർഥം. ഓർത്തു, ബോധവാനായി, പ്രബുദ്ധനായി തുടങ്ങിയ അർഥങ്ങളിലുള്ള تَذَكَّرَയുടെ വർത്തമാനരൂപമാണ് يَتَذَكَّرُ. ഇവിടെ ഉദ്ദേശ്യമിതാണ്: ഈ ഖുർആൻ അവതരിപ്പിക്കുന്നത് യഥാർഥത്തിൽ ഓരോ മനുഷ്യന്റെയും ഉള്ളിൽ പ്രകൃത്യാ നിക്ഷിപ്തമായ സത്യങ്ങളാണ്. ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന സത്യങ്ങളെ ഓർമിപ്പിക്കുക(تذكير)യാണ് ഖുർആൻ ചെയ്യുന്നത്. സ്വന്തം പ്രകൃതിയെ വികലവും മലിനവുമാക്കാത്ത ബുദ്ധിമാന്മാർക്കേ അത് എളുപ്പം ഓർക്കാൻ കഴിയൂ. അവർക്ക് ഖുർആനിന്റെ ശബ്ദം തങ്ങളുടെ ഉള്ളിൽനിന്നുതന്നെ വരുന്ന ശബ്ദമായി അനുഭവപ്പെടും. സ്വന്തം പ്രകൃതിയെ വികൃതവും മലിനവുമാക്കിയ വിഡ്ഢികൾക്ക് ആ ശബ്ദം അത്രവേഗം തിരിച്ചറിയാൻ കഴിയില്ല. സദ്പ്രകൃതിക്കു മീതെ അന്ധവിശ്വാസങ്ങൾക്കും അബദ്ധസിദ്ധാന്തങ്ങൾക്കും ജഡികമായ ആസക്തികൾക്കും ആധിപത്യം നൽകിയവർക്ക് തങ്ങളുടെ അന്ധവിശ്വാസങ്ങൾക്കും ആസക്തികൾക്കും അനുഗുണമായ ആശയങ്ങൾ മാത്രമേ സ്വീകാര്യമാകൂ.

വസ്തുതകൾ മനസ്സിലാക്കുന്നതിനുള്ള സാമർഥ്യത്തോടൊപ്പം തന്റെ ഭൗതികവും ധാർമികവും അല്ലെങ്കിൽ പാരത്രികവുമായ ഗുണത്തിന് അവയെ എങ്ങനെ സമീപിക്കണമെന്ന് ആലോചിക്കുന്ന വിവേകവും ചേർന്നതാണ് സദ്ബുദ്ധി- لب. ആസക്തികൾകൊണ്ടും അന്ധവിശ്വാസങ്ങൾ കൊണ്ടും പ്രകൃതിയെ മലിനമാക്കുമ്പോൾ നഷ്ടപ്പെടുന്നത് ഈ വിവേകമാണ്. ബുദ്ധി അപ്പോഴും വളരുകയും ചെയ്യും. അത്തരക്കാരെ അവരുടെ ബുദ്ധി അക്രമത്തിന്റെയും അധർമത്തിന്റെയും കൂടുതൽ കനത്ത ഇരുട്ടുകളിലേക്ക് നയിച്ചുകൊണ്ടിരിക്കും. തങ്ങളിൽനിന്നു ഭിന്നമായി വിവേകത്തിന്റെ വെളിച്ചം സ്വീകരിക്കുന്ന വിശ്വാസികളെ ബുദ്ധിശൂന്യരും അന്ധവിശ്വാസികളുമായിട്ടാണവർ കാണുക. ഈ കാഴ്ചപ്പാടിനെ ഖണ്ഡിച്ചുകൊണ്ട് സത്യവിശ്വാസികളാണ് യഥാർഥ ബുദ്ധിമാന്മാർ എന്നു വ്യക്തമാക്കിയിരിക്കുകയാണിവിടെ. ആഗ്രഹങ്ങളുടെയും ആസക്തികളുടെയും പൂർത്തീകരണ മാർഗങ്ങൾ കണ്ടെത്താനുള്ള കഴിവു മാത്രമല്ല ബുദ്ധി സാമർഥ്യം. വെറുംബുദ്ധി ഒരു മോഷ്ടാവിനെ വൻ മോഷ്ടാവാക്കുമ്പോൾ സദ്ബുദ്ധി അവനെ സത്യസന്ധനാക്കുകയാണ് ചെയ്യുക. സൂക്തത്തിന്റെ ഈ സമാപനവാക്യം വിശ്വാസികൾക്കുള്ള പ്രശംസയും അവിശ്വാസികൾക്കുള്ള താക്കീതുമാണ്.

**20:** കാഴ്ചയുള്ളവരുടെ അഥവാ ഖുർആനിക സന്ദേശം സത്യമെന്നറിയുന്നവരുടെ ജീവിതത്തിൽ കാണപ്പെടുന്ന, കാണപ്പെടേണ്ട ഗുണങ്ങൾ വിശദീകരിക്കുകയാണ്. നിർവഹിക്കുമെന്ന് പ്രതിജ്ഞചെയ്തിട്ടുള്ള വാഗ്ദാനമാണ് عهد. ദൈവത്തെക്കുറിച്ചും ധർമത്തെക്കുറിച്ചും മനുഷ്യപ്രകൃതിയിൽ നിലീനമായിട്ടുള്ള അന്തർബോധത്തെയാണ് അല്ലാഹുവിനോടുള്ള പ്രതിജ്ഞ عهد الله കൊണ്ട് ഉദ്ദേശിക്കുന്നത്. സൂറ *അൽഅഅ്റാഫ്* 172-ാം സൂക്തത്തിൽ ഇതെപ്പറ്റി

وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ

(നിന്റെ നാഥൻ ആദമിന്റെ മക്കളിൽനിന്ന് അവരുടെ ഉരസ്സുകളിൽനിന്ന് അവരുടെ സന്തതികളെ എടുത്ത് അവർക്കുതന്നെ അവരെ സാക്ഷികളാക്കിക്കൊണ്ട് ചോദിച്ചത് ഓർക്കുക: ഞാനല്ലയോ നിങ്ങളുടെ വിധാതാവ്? അവർ പറഞ്ഞു: തീർച്ചയായും, അതെ, ഞങ്ങളുടെ വിധാതാവ് നീ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു." - എന്നു പ്രസ്താവിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണത്തിന് അവിടെ നോക്കുക. ഈ അന്തർബോധം ഉണരുകയും അതു താൽപര്യപ്പെടുന്ന കർമജീവിതം സ്വീകരിക്കാൻ തയാറാവുകയും ചെയ്യുന്നു എന്നതാണ് ഖുർആനിലുള്ള വിശ്വാസം വിശ്വാസിയിലുളവാക്കുന്ന പ്രഥമഗുണം.

عهد ന്റെ പര്യായമാണ് ميثاق. ഒരുവൻ മറ്റുള്ളവരുമായി ഉണ്ടാക്കുന്ന എല്ലാ കരാറുകളെയും അതുൾക്കൊള്ളുന്നു. ميثاقൽ രണ്ടു കക്ഷികൾക്കും ബാധ്യതയുണ്ടായിരിക്കും. ഒരു കക്ഷിയുടെ കരാർപാലനത്തെ ആശ്രയിച്ചിരിക്കും മറു കക്ഷിക്ക് അത് പാലിക്കാനുള്ള ബാധ്യത. عهد ഏകപക്ഷീയവുമാകാം. മറുകക്ഷിയിൽ ബാധ്യതയൊന്നും ചുമത്താതെയും ഒരാൾക്ക് ഒരുകാര്യം عهد ചെയ്യാം. തന്നോടു തന്നെ ചെയ്യുന്ന പ്രതിജ്ഞയും ശപഥവും عهدൽ പെടുന്നു. ഇവിടെ അല്ലാഹുവിനോടുള്ള പ്രതിജ്ഞ പാലിക്കുന്നവർ എന്നതിനുശേഷം 'ഉടമ്പടി ലംഘിക്കാത്തവരും' എന്ന് എടുത്തുപറഞ്ഞതിൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊള്ളാം എന്ന പ്രതിജ്ഞക്കു പുറമെ മനുഷ്യർ പരസ്പരം ഉണ്ടാക്കുന്ന ഉടമ്പടികളും ഉൾപ്പെടുന്നു. ഉടമ്പടികൾ ചെയ്താൽ അതു കണിശമായി പാലിച്ചുകൊള്ളണമെന്നത് ഖുർആൻ ഇരുപതോളം സൂക്തങ്ങളിൽ അനുശാസിച്ചിട്ടുള്ളതാണ്. അത് സത്യവിശ്വാസിയുടെ അടിസ്ഥാന ഗുണമാണ്. നബി(സ) പ്രസ്താവിച്ചു: لا إيمان لمن لا أمانة له (വിശ്വസ്തതയില്ലാത്തവന്ന് ഈമാനില്ല).

**21:** صلة ന്റെ ക്രിയയായ وَصَلയുടെ വർത്തമാന ബഹുവചനമാണ് يصلونَ ഒരു വസ്തുവിനെ മറ്റൊരു വസ്തുവിൽ ചേർക്കലാണ് صلة. കുടുംബബന്ധങ്ങൾ സംരക്ഷിക്കുന്നതിന് صلة الرّحم എന്നു പറയുന്നു. അത് ശിഥിലമാക്കുന്നതിന് قطع الرّحم എന്നും. കുടുംബബന്ധങ്ങൾ ചേർക്കുകയെന്നാൽ ബന്ധുക്കളോട് സ്നേഹത്തോടെയും സൗഹാർദത്തോടെയും വർത്തിക്കുകയാണ്. ഇതിന്റെ പ്രാധാന്യവും പുണ്യവും അനേകം നബിവചനങ്ങളിൽ ഊന്നിപ്പറയുന്നുണ്ട്. ഈ വാക്യത്തിന്റെ വിശദീകരണമായി പ്രവാചകൻ(സ) പറയാറുണ്ടായിരുന്നതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു:

اتّقوا الله وصلوا الأرحام فإنّهُ أبقى لكم فى الدنيا وخير لكم فى الآخرة

(കുടുംബബന്ധങ്ങൾ സൂക്ഷിക്കുവിൻ ഇഹലോകത്ത് അത് നിങ്ങൾക്ക് ഏറ്റം നിലനിൽക്കുന്ന സൗഭാഗ്യമായിരിക്കും. പരലോകത്ത് പുണ്യവുമായിരിക്കും). ഒരിക്കൽ ഒരാൾ നബിയെ സമീപിച്ച് അല്ലാഹുവിന് ഏറ്റം പ്രിയങ്കരമായ കാര്യം എന്താണെന്ന് ചോദിച്ചു. 'സത്യവിശ്വാസം' എന്നായിരുന്നു പ്രവാചകന്റെ മറുപടി. ആഗതൻ വീണ്ടും ചോദിച്ചു: "പിന്നെ ഏതാണ്?" പ്രവാചകൻ പറഞ്ഞു: "കുടുംബബന്ധം സംരക്ഷിക്കുക." وَٱلَّذِينَ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ (അല്ലാഹു ചേർക്കപ്പെടണമെന്നു കൽപിച്ചതിനെ ചേർക്കുന്നവർ) എന്നു പറഞ്ഞത് കുടുംബബന്ധത്തെക്കുറിച്ചാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ

പൊതുവിൽ കരുതുന്നു. എന്നാൽ, ഈ വാക്യത്തിൽ കുടുംബപരാമർശമില്ലാത്തതിനാൽ അതിനെ കുടുംബത്തിൽ പരിമിതപ്പെടുത്തേണ്ടതില്ലെന്നാണ് ചില പ്രമുഖ വ്യാഖ്യാതാക്കൾ കരുതുന്നത്. മാനുഷിക ബന്ധങ്ങളെല്ലാം പരിരക്ഷിക്കപ്പെടേണമെന്നാണ് താൽപര്യം. കുടുംബബന്ധം വളരെ പ്രാധാന്യമർഹിക്കുന്നതാണെങ്കിലും അല്ലാഹു കാത്തുസൂക്ഷിക്കാൻ കൽപിക്കുന്നത് ആ ഒരു ബന്ധം മാത്രമല്ല. അയൽക്കാരോടും സഹപ്രവർത്തകരോടും അനാഥരോടും അഗതികളോടും സുഹൃത്തുക്കളോടുമെല്ലാം നല്ലനിലയിൽ പെരുമാറാൻ ഖുർആൻ കൽപിച്ചിട്ടുണ്ട്. ബന്ധങ്ങൾ ചേർക്കുന്നതിന്റെ പ്രകടമായ ഒരു രൂപമാണ് സകാത്ത്. സകാത്തിന് അർഹരായി ഖുർആൻ എണ്ണിപ്പറഞ്ഞിട്ടുള്ള വിഭാഗങ്ങളെ പരിശോധിച്ചാൽ ഉള്ളവന്റെ സഹായം അർഹിക്കുന്ന എല്ലാ മനുഷ്യരും അതിൽ ഉൾപ്പെടുന്നുവെന്നു കാണാം. ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളിൽ നിന്നുണ്ടായവരാണ്. മൗലിക വീക്ഷണത്തിൽ എല്ലാ മനുഷ്യരും പരസ്പരം ബന്ധുക്കളാണ്; ഒരൊറ്റ കുടുംബമാണ്. ഒരു കുടുംബമായി തന്നെ വർത്തിക്കണമെന്നാണ് അല്ലാഹു അവരോട് കൽപിക്കുന്നത്. എല്ലാവരും എല്ലാവരെയും സ്നേഹിക്കണം, സഹായിക്കണം. അതോടൊപ്പം തൊട്ടടുത്ത ബന്ധുക്കൾ തമ്മിൽ -മാതാപിതാക്കൾ, മക്കൾ, സഹോദരി സഹോദരന്മാർ അവരുടെ സന്തതികൾ തുടങ്ങിയവർ തമ്മിൽ സവിശേഷം ദൃഢമായ സ്നേഹസഹകരണവും കടപ്പാടുകളുമുണ്ടായിരിക്കണം. കുടുംബസ്നേഹം വികസിക്കുന്നതായിരിക്കണം സമുദായ സ്നേഹം. കുടുംബത്തെ വെടിഞ്ഞുകൊണ്ട് സമുദായ സ്നേഹമില്ല.

കഴിഞ്ഞ സൂക്തത്തിൽ ഖുർആനിനെ സത്യസന്ദേശമായി സ്വീകരിക്കുന്നവരുടെ, അല്ലാഹുവിനോടുള്ള സമീപനം വ്യക്തമാക്കിയശേഷം ഈ സൂക്തം അവരുടെ മനുഷ്യരോടുള്ള സമീപനം ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. മനുഷ്യസമൂഹത്തോടു പൊതുവിലും സ്വന്തം കുടുംബവൃത്തത്തോട് പ്രത്യേകിച്ചും സ്നേഹ-സഹകരണ ബന്ധം സംരക്ഷിക്കുന്നവരാണവർ. അല്ലാഹുവിനോടുള്ള പ്രതിജ്ഞയുടെ പാലനത്തോടൊപ്പം തന്നെ മാനുഷിക ബന്ധങ്ങളുടെ പരിപാലനം പരാമർശിച്ചതിൽനിന്നു തന്നെ അതിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. ഇതിൽനിന്ന് വ്യക്തമാകുന്ന മറ്റൊരുകാര്യം ഇതാണ്: അല്ലാഹുവിനോടുള്ള പ്രതിജ്ഞ പാലിക്കുകയെന്നാൽ സമസൃഷ്ടികളെ അവഗണിച്ച് കൊണ്ട് ദൈവാരാധനയിൽ മുഴുകുകയല്ല. കുടുംബാംഗങ്ങളോടും മറ്റുള്ളവരോടും സ്നേഹസൗഹാർദങ്ങളോടെ പരസ്പരം സഹകരിച്ചു വാഴുകയെന്നതും അല്ലാഹുവിനോടുള്ള പ്രതിജ്ഞയുടെ പൂർത്തീകരണത്തിൽ പെടുന്നു. ദൈവഭക്തൻ കുടുംബത്തെയും സമൂഹത്തെയുമെല്ലാം വെടിഞ്ഞ് കാനനഗുഹകളിലോ ആശ്രമങ്ങളിലോ പോയി ഏകാന്തമായ ധ്യാനത്തിലേർപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതിനു വേണ്ടിയല്ല അല്ലാഹു മനുഷ്യനെ സാമൂഹിക പ്രകൃതിയോടുകൂടി സൃഷ്ടിച്ചിട്ടുള്ളത്. കുടുംബത്തിലും സമൂഹത്തിലും അംഗമായി അവരുടെ വ്യവഹാരങ്ങളിലെല്ലാം ഇടപെട്ടു വാഴുകയാണ് മനുഷ്യന്നു നിശ്ചയിച്ചിട്ടുള്ള ധർമം. അതോടൊപ്പം അവൻ അല്ലാഹുവിനോടു ഭക്തിയുള്ളവനും അവന്റെ കർക്കശമായ വിചാരണയെ പേടിക്കുന്നവനുമായിരിക്കണം. ഈ ഭക്തിയും ഭയവും അവന്റെ മനുഷ്യ ബന്ധങ്ങളെ സംസ്കരിക്കുകയും സുതാര്യമാക്കുകയും ചെയ്തുകൊണ്ട് ഉത്തമവും ഭദ്രവുമായ സമൂഹ നിർമിതിയിലേക്ക് നയിക്കുന്നു. മൂലത്തിൽ ഉപയോഗിച്ച يخشونയും يخافونയും പര്യയങ്ങളാണെങ്കിലും ധ്വനികളിൽ വ്യത്യാസമുണ്ട്. ഭയപ്പെടുന്നതിനോടുള്ള ആരാധനാ ഭാവവും ബഹുമാനവും ചേർന്ന ഭയമാണ് خشية. ഭയപ്പെടുന്നതിൽനിന്ന് ആപത്തുണ്ടാകുമെന്ന ആധിയാണ് خوف. സത്യസന്ദേശം ഉൾക്കൊണ്ടവർ ആളുകളുമായി നല്ല സമ്പർക്കം സ്ഥാപിക്കുന്നതും പരസ്പരം സഹായിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതും സത്യസന്ദേശത്തിനു നേരെ അന്ധരായവർ ചെയ്യുന്നതുപോലെ പ്രസിദ്ധിക്കു വേണ്ടിയോ മറ്റു സ്വാർഥങ്ങൾക്കുവേണ്ടിയോ ആയിരിക്കുകയില്ല; അല്ലാഹുവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞ പൂർത്തീകരിക്കുകയും അതിൽ വീഴ്ചവരുത്തിയതിന്റെ പേരിൽ നേരിടേണ്ടി വരുന്ന വിചാരണയിൽനിന്ന് രക്ഷപ്പെടുകയും മാത്രമായിരിക്കും അവരുടെ ലക്ഷ്യം. സൂറ *അദ്ദഹ്റ്* 8-10 സൂക്തങ്ങളിൽ അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا ﴿٨﴾ إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا ﴿٩﴾ إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾

"അവർ ദൈവസ്നേഹത്താൽ പ്രചോദിതരായി അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും അന്നം കൊടുക്കുന്നു. അവർ പറയും: അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാകുന്നു ഞങ്ങൾ നിങ്ങളെ ഊട്ടുന്നത്. നിങ്ങളിൽനിന്ന് ഞങ്ങൾ പ്രതിഫലമോ നന്ദി പ്രകടനമോ ആഗ്രഹിക്കുന്നില്ല. രക്ഷിതാവിൽ നിന്നുള്ള ആ ഭീകരത നിറഞ്ഞ ദിനത്തെ തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു." ■